* മരുന്നുകളുടെ പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കി.

* രോഗികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ആശുപത്രികളിൽ മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

* ഗുണനിലവാര പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി തുടർച്ചയായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേൽനോട്ടം നടത്തിവരുന്നു.

* പൗരവകാശ രേഖയുടെ പകർപ്പ് ആശുപത്രിയുടെ പ്രധാന ഭാഗങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്നു.

* എല്ലാ ജീവനക്കാർക്കും തുടർപരിശീലനം നടപ്പിലാക്കി.

(സി) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്കാശുപത്രികൾ എന്നിവയ്ക്കാണ് കായകൽപ് അംഗീകാരം ലഭിച്ചത്.

ആശ വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നത്

100(800) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആശ വർക്കർമാർക്ക് ഇപ്പോൾ നൽകിവരുന്ന പ്രതിമാസ ഓണറേറിയം എത്രയാണ്?

(ബി) ആശ വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ?

(സി) ഓണറേറിയം പ്രതിമാസം പതിനായിരം രൂപയാക്കി നിശ്ചയിക്കണമെന്ന ആശാ വർക്കർമാരുടെ ആവശ്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ആശ വർക്കർമാർക്ക് ഇപ്പോൾ നൽകിവരുന്ന പ്രതിമാസ ഓണറേറിയം 1,000 രൂപയാണ്.

(ബി&സി) ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly